श्री चित्रा तिरुनाल आयुर्विज्ञान और प्रौद्योगिकी संस्थान, तिरुवनन्तपुरम – 695 011, केरल, भारत
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY
THIRUVANANTHAPURAM – 695 011, KERALA, INDIA
(An Institute of National Importance under DST ; Government of India)
(भारत सरकार के अधीन एक राष्ट्रीय महत्व का संस्थान)
www.sctimst.ac.in

**Press Release**

# ഭാരതത്തിൽ ആദ്യമായി കാർഡിയോളജി സബ്-സ്പെഷ്യാലിറ്റികൾക്ക് മാത്രമായി ഉള്ള പുനഃപരിശോധനാ ക്ലിനിക്കുകൾ ശ്രീ ചിത്രയിൽ ഉദ്ഘാടനം ചെയ്യുന്നു:

തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ കാർഡിയോളജി സബ്-സ്പെഷ്യാലിറ്റികൾക്ക് മാത്രമായി ഉള്ള പുനഃപരിശോധനാ ക്ലിനിക്കുകൾ ബഹു. ഡയറക്ടർ, പ്രൊഫ. (ഡോ). അജിത് കുമാർ ആഗസ്ത് 2, 2021, തിങ്കളാഴ്ച രാവിലെ ഒന്പത് മണിക്ക് ഉദ്ഘാടനം ചെയ്യുന്നു (കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചു) .

ഹൃദ്രോഗ ചികിത്സാ വിദഗ്ദ്ധർ മേൽനോട്ടം വഹിക്കുന്ന പുനഃപരിശോധനാ ക്ലിനിക്കുകളിൽ സമഗ്ര രോഗി പരിചരണവും ക്ലിനിക്കൽ ഗവേഷണവും പ്രോത്സാഹിപ്പിക്കും.

ഇതാദ്യമായാണ് ഭാരതത്തിൽ കാർഡിയോളജി സബ്-സ്പെഷ്യാലിറ്റികൾക്ക് മാത്രമായി ഉള്ള പുനഃപരിശോധനാ ക്ലിനിക്കുകൾ, പൊതുമേഖലാ ആശുപത്രിയിൽ ആരംഭിക്കുന്നത്.

ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കാർഡിയോളജി വിഭാഗത്തിൽ ഒരു തവണ എങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്കാണ് ഈ ചികിത്സാ സൗകര്യം ലഭിക്കുന്നത്.

ആശുപത്രിയിൽ നേരിൽ വരാൻ പ്രയാസമുള്ളവർക്കു ഇ-കൺസൾട്ടേഷനുള്ള സൗകര്യവും ലഭ്യമാണ്

**<u>ക്ലിനിക്കുകൾ ഇപ്രകാരമായിരിക്കും:</u>**

മുതിർന്നവരിൽ ജന്മനാ കാണപ്പെടുന്ന ഹൃദയ തകരാറുകൾക്കുള്ള ക്ലിനിക് : (തിങ്കളാഴ്ച, രാവിലെ 9 : 30 മുതൽ 12 : 30 വരെ )
ഹൃദ്രോഗ പ്രതിരോധത്തിനുള്ള ക്ലിനിക് : (തിങ്കളാഴ്ച, ഉച്ചക്ക് ശേഷം 1 :00 മുതൽ വൈകിട്ട് 4 :00 വരെ )

ഹൃദയാഘാത സംബന്ധിയായ ലക്ഷണങ്ങൾക്കുള്ള ക്ലിനിക് : (ചൊവ്വാഴ്ച , രാവിലെ 9 : 30 മുതൽ വൈകിട്ട് 4 :00 വരെ )

ഹൃദയ വാൽവ് തകരാറുകൾക്കുള്ള ക്ലിനിക് : (ബുധനാഴ്ച , രാവിലെ 9 : 30 മുതൽ 12 : 30 വരെ)

ഹൃദയഘടനാ വൈകല്യങ്ങൾക്കുള്ള ക്ലിനിക് : (ബുധനാഴ്ച , ഉച്ചക്ക് ശേഷം 1 :00 മുതൽ വൈകിട്ട് 4 :00 വരെ )

ഹൃദയതാളത്തിലെ തകരാറുകൾക്കുള്ള ക്ലിനിക് : (വ്യാഴാഴ്ച , രാവിലെ 9 : 30 മുതൽ വൈകിട്ട് 4 :00 വരെ)

നവജാത ശിശുക്കളിലെ ഹൃദയ തകരാറുകൾക്കുള്ള ക്ലിനിക് : (വെള്ളിയാഴ്ച രാവിലെ 9 : 30 മുതൽ 12 : 30 വരെ)

ശിശുക്കളിലെ ഹൃദയ തകരാറുകൾക്കുള്ള ക്ലിനിക്: (വെള്ളിയാഴ്ച ഉച്ചക്ക് ശേഷം 1 :00 മുതൽ വൈകിട്ട് 4 :00വരെ )

ഭ്രൂണാവസ്ഥയിലെ ഹൃദയതകരാറുകൾക്കുള്ള ക്ലിനിക് (പ്രവർത്തി ദിന ശനിയാഴ്ച രാവിലെ 9 : 30 മുതൽ 12 : 30 വരെ)

പുതുതായി രൂപീകരിച്ച ഈ ക്ലിനിക്കുകൾക്ക് പുറമേ, നിലവിലുള്ള കാർഡിയോളജി ക്ലിനിക്കുകൾ - പേസ് മേക്കർ ക്ലിനിക് (ചൊവ്വാഴ്ച), ഹൃദയ സ്തംഭന ചികിത്സാ ക്ലിനിക്

(ബുധനാഴ്ച), ഹൃദയസ്പന്ദന തകരാറുകൾക്കുള്ള / ഉപകരണ ചികിത്സാ ക്ലിനിക് (വ്യാഴാഴ്ച) എന്നിവ തുടരുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക്: 04712524533 / 180 / 415 / 535, ഇമെയിൽ:sct@sctimst.ac.in

विज्ञान एवं प्रौद्योगिकी विभाग
DEPARTMENT OF SCIENCE & TECHNOLOGY
DST@ 1971-2021